"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നമ്പർ.സി2/51/2020/തൊഴിൽ

15/09/2020, തിരുവനന്തപുരം

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ.
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ഐ.ടി.ഐകളിൽ ലോക്ക്ഡൗണിനു ശേഷം പ്രവർത്തനം ആരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 04.09.2020 ലെ ഡിടി/1755/2020- എഫ്3 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തലത്തിൽ പൊതുവായ തീരുമാനം ഉണ്ടാകുന്നതുവരെ നിലവിലെ സ്ഥിതി തുടരേണ്ടതാണ് എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**ആർ എസ് രുസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signature valid
Digitally signed by BINDUMOL THOMAS
Date: 2020.09.16 10:31:26 IST
Reason: Approved

സെക്ഷൻ ഓഫീസർ.

**File No.DT/1755/2020-F3**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
DT/1755/2020-F3 തീയതി: 22/09/2020

<u>**ചുറ്ററിയിപ്പ്**</u>

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഐടിഐകൾ ലോക്ക്ഡൌണിന് ശേഷം പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച്

സൂചന:- (1). Ministry of Home Affairs ന്റെ 29/8/2020 ലെ No.40-3/2020-DM-1(A) നമ്പർ ഉത്തരവ്.
(2).ഈ കാര്യാലയത്തിൽ നിന്നും 4/9/2020 ൽ സർക്കാറിൽ സമർപ്പിച്ച DT/1755/20-F3 നമ്പരായ ശുപാർശ.
(3). 15/09/2020 ലെ സി2/51/2020/തൊഴിൽ നമ്പരായ സർക്കാർ കത്ത്.

2020 സെപ്റ്റംബർ 21 മുതൽ ഐടിഐ കൾ തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് 9/8/2020 ലെ No.40-3/2020-DM-1(A) നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഐടിഐ കൾ 2020 സെപ്റ്റംബർ 21 മുതൽ COVID മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച മാർഗ നിർദേശം നൽകുന്നതിനായി സൂചന (2) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ തലത്തിൽ പൊതുവായ തീരുമാനം ഉണ്ടാകുന്നതു വരെ നിലവിലത്തെ സ്ഥിതി തുടരേണ്ടതാണ് എന്ന് സൂചന (3) പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ആയതിനാൽ സംസ്ഥാന സർക്കാർ തലത്തിൽ പൊതുവായ തീരുമാനം ഉണ്ടാകുന്ന മുറക്ക് ഐടിഐകൾ തുറന്നു പ്രവർത്തിച്ചാൽ മതിയാകും എന്ന വിവരം അറിയിക്കുന്നു. അതാത് ഐടിഐ കളുടെ പരിധിയിൽ വരുന്ന എല്ലാ പ്രൈവറ്റ് ഐടിഐ പ്രിൻസിപ്പാൾ മാരെയും ഈ വിവരം ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് മാർക്കും